LIBRARY ARCHIVES Kerala Legislative Assembly

ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അക്രെഡിറ്റഡ് ഏജൻസി

51 (432) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാദേശിക വികസന ഫണ്ടിൽനിന്നും ആസ്തി വികസന ഫണ്ടിൽനിന്നുമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അംഗീകൃത ഏജൻസിയെ എം.എൽ.എ.-മാർക്ക് നിർദ്ദേശിക്കുവാൻ സാധിക്കുമോ; ഇത് സാധൂകരിക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രാദേശിക വികസന ഫണ്ടിൽനിന്നും ആസ്തി വികസന ഫണ്ടിൽനിന്നുമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അംഗീകൃത ഏജൻസിയെ എം.എൽ.എ.-മാർക്ക് നിർദ്ദേശിക്കുവാൻ സാധിക്കില്ല. 4-7-2019-ലെ സ.ഉ.(അച്ചടി) നമ്പർ 77/2019/ധന. പ്രകാരം അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അക്രിഡിറ്റഡ് ഏജൻസികളുടെ സമയപരിധി 5-8-21-ലെ സ.ഉ.(അച്ചടി) നമ്പർ 111/2021/ധന. പ്രകാരം മൂന്ന് മാസംകൂടി (3-10-2021 വരെ) ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. 28-4-2021-ലെ സ.ഉ.(അച്ചടി) നമ്പർ 67/21/ധന. പ്രകാരം അക്രെഡിറ്റഡ് ഏജൻസിയെ തീരുമാനിക്കുന്നത് പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിന് യോഗ്യരായ ഏജൻസികളിൽനിന്ന് സുതാര്യമായ ടെണ്ടർ നടപടികളിലൂടെയായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

പാറശ്ശാല നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

52 (433) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല നിയോജകമണ്ഡലത്തിലെ കോവിഡ് പ്രതിരോധ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ 4 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ആംബുലൻസുകൾ വാങ്ങി നൽകുന്നതിനുള്ള പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പ്രസ്തുത വിഷയം NC-B2/48/2021-FIN (E-1860484) നമ്പർ ഫയലിൽ പരിശോധിച്ചിരുന്നു. 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന., 7-4-2020-ലെ സ.ഉ.(സാധാ)നമ്പർ 2716/2020/ധന. എന്നീ ഉത്തരവുകളിലെ